(ഡി) തിരുവനന്തപുരം ജില്ലയിൽ മേൽപ്പറഞ്ഞതരത്തിൽ തെരഞ്ഞെടുത്ത സംഘങ്ങളേതെന്നും അവയ്ക്ക് എത്ര തുക അനുവദിച്ചുവെന്നും നാളിതുവരെയുള്ള അവയുടെ പ്രവർത്തനം എന്താണന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട് എന്നീ ജില്ലകളെ ഉൽപ്പെടുത്തിയാണ് പഴം, പച്ചക്കറിക്ക് വേണ്ടിയുള്ള കാർഷിക കയറ്റുമതി മേഖല രൂപീകരിച്ചിരിക്കുന്നത്. പച്ചക്കറി, വാഴ, കൈതച്ചക്ക എന്നീ വിളകളെ ഉൾപ്പെടുത്തിയുള്ള കയറ്റുമതി മേഖലയാണ് രൂപീകരിച്ചിട്ടുള്ളത്.

(സി&ഡി) നാളിതുവരെ കാർഷിക കയറ്റുമതി മേഖലയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് സംഘങ്ങളൊന്നും തന്നെ തെരഞ്ഞെടുത്തിട്ടില്ല.

കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

80 (1134) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003 വർഷത്തിൽ കാറ്റിന്റെയും മഴയുടെയും ഫലമായി കോഴിക്കോട് ജില്ലയിൽ കൃഷിനാശം സംഭവിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം പ്രദേശങ്ങളിൽ ഏതെല്ലാം കൃഷിയാണ് നഷ്ടപ്പെട്ടു പോയതെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിന്റെ ഫലമായി ആകെ എന്തു തുകയുടെ കൃഷിനാശം സംഭവിച്ചതായാണ് കണക്കാക്കിയിട്ടുള്ളത് ;

(സി) എത്ര തുക സഹായധനമായി നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 2003 വർഷത്തിൽ കാറ്റിന്റെയും മഴയുടെയും ഫലമായി കോഴിക്കോട് ജില്ലയിൽ ഉള്ളേരി ചെക്യാട്, കുരാച്ചുണ്ട്, കോട്ടഞ്ചേരി, കൊയിലാണ്ടി, തുറയൂർ, പച്ചോളി, മടവൂർ, കായപ്പൊടി, രാമനാട്ടുകര, കോട്ടൂർ, വേളം കാവിലംപാറ, കക്കോടി, വില്യാപ്പള്ളി, ചേളന്നൂർ, മരുങ്ങോകര, ഒളവണ്ണ എന്നീ പ്രദേശങ്ങളിൽ തെങ്ങ്, വാഴ, കമുക്, കശുമാവ്, റബ്ബർ, കുരുമുളക്, മരച്ചീനി, നെല്ല് എന്നീ വിളകൾക്കാണ് നാശനഷ്ടം സംഭവിച്ചിട്ടുള്ളത്.

(ബി) ഇതിന്റെ ഫലമായി ആകെ 46,18,320 രൂപയുടെ കൃഷി നാശം സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ട്.

(സി) 2003 വർഷത്തിലുണ്ടായ കൃഷി നാശത്തിന് സഹായധനം നൽകാനുള്ള നടപടികൾ റവന്യൂ വകുപ്പിൽ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly